LIBRARY ARCHIVES Kerala Legislative Assembly

കാസറഗോഡ് എസ്റ്റേറ്റിലെ പെരിയ ഡിവിഷനുകീഴിൽ റോഡ് നിർമ്മാണ നടപടി

58 [996] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 27-5-2003-ാം തീയതിയിലെ 23/03-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസറഗോഡ് എസ്റ്റേറ്റിലെ പെരിയ ഡിവിഷന്റെ കീഴിൽ 700 മീറ്റർ നീളത്തിൽ ഒരു റോഡ് നിർമ്മിക്കുന്നതിന് അനുമതിക്കായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) പഞ്ചായത്തിന്റെ ഹർജിയിൻമേൽ പ്ലാന്റേഷൻ എം.ഡി. അനുമതിക്കായി അനുകൂല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ 28-10-2004-ൽ എം. ഡി. അയച്ച റിപ്പോർട്ടിന്മേൽ ഇതുവരെ ഒരു ഉത്തരവ് നൽകാതിരിക്കാനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ പരിശോധിച്ചു വരികയാണ്.

ബയോ ഡീസൽ ഉൽപ്പാദിപ്പിക്കുവാനുള്ള ചെടികൾ

59 [T997] ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ലൂഡി ലൂയിസ് :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോ ഡീസൽ ഉൽപ്പാദിപ്പിക്കുവാനുള്ള ചെടികൾ (ജട്രോഫ) കൃഷി ചെയ്യുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു ;

(സി) ഈ കൃഷി വ്യാപകമാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) നിലവിലുള്ള കൃഷിയിൽ നിന്ന് കിട്ടുന്ന എണ്ണക്കുരുവിൽ നിന്ന് എത്ര ലിറ്റർ ബയോ ഡീസൽ ഉണ്ടാക്കുവാൻ കഴിയുമെന്ന് പറയുമോ ?

ഉത്തരം

(എ) വളരെ ചെറിയ തോതിൽ കൃഷി ചെയ്യുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.